ഉത്തരം

(എ) 41 സെക്ഷൻ ആഫീസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) നിലവിൽ 20000-ൽ കൂടുതൽ ഉപഭോക്താക്കളും 100 ചതുരശ്ര കി. മീ. കൂടുതൽ വിസ്തീർണ്ണവുമുള്ള സെക്ഷനുകൾ ഉപഭോക്താക്കളുടെ സൗകര്യവും ഭൂമിശാസ്ത്രപരമായ ഘടനയും വിവിധ പദ്ധതികളിലായി പൂർത്തീകരിക്കേണ്ട പണികളും കണക്കിലെടുത്താണ് പുതിയ സെക്ഷനുകൾ അനുവദിക്കുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

തൃശ്ശൂർ മുനിസിപ്പാലിറ്റി കോർപ്പറേഷന്റെ വൈദ്യുതി വിതരണം

225 [1167] *ശ്രീ. കെ. വി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റു സഹകാര്യ സ്ഥാപനങ്ങൾക്കുമാണ് വൈദ്യുതി വിതരണത്തിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ മുനിസിപ്പാലിറ്റിക്ക് വൈദ്യുതി വിതരണത്തിന് അനുമതി നൽകിയിട്ടുള്ളത് എന്നു മുതലാണ്; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും എടുത്ത തീരുമാനം വിശദീകരിക്കാമോ; ഈ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(സി) തൃശ്ശൂർ മുനിസിപ്പാലിറ്റി കോർപ്പറേഷനാക്കി ഉയർത്തിയതിനെത്തുടർന്ന് വൈദ്യുതി വിതരണം സംബന്ധിച്ച് ബോർഡും, മുനിസിപ്പാലിറ്റിയും തുടർന്ന് വന്നിരുന്ന കരാറിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) തൃശ്ശൂർ മുനിസിപ്പാലിറ്റിയോട് കൂട്ടിചേർത്ത കൂർക്കഞ്ചേരി, അയ്യന്തോൾ, വിൻവട്ടം, ഒല്ലൂർ, ഒല്ലൂർക്കര പഞ്ചായത്തുകളിൽ വൈദ്യുതി വിതരണം ബോർഡ് തുടരുന്നതും, പഴയ മുനിസിപ്പൽപ്രദേശത്ത് കോർപ്പറേഷൻ ഈ ചുമതല നിർവ്വഹിക്കുന്നതിനും എന്തെങ്കിലും ഭരണപരമായ തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) മേൽ പഞ്ചായത്ത് പ്രദേശങ്ങളിലും വൈദ്യുതി വിതരണ ചുമതല കോർപ്പറേഷന് നൽകണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ്?

---

†അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

(1) തൃശ്ശൂർ മുനിസിപ്പാലിറ്റി (തദ്ദേശ സ്വയംഭരണം)

(2) റ്റാറ്റാ ടീ ലിമിറ്റഡ് (സ്വകാര്യസ്ഥാപനം)

(3) കൊച്ചിൻ പോർട്ട് ട്രസ്റ്റ്

(4) ടെക്നോപാർക്ക്, തിരുവനന്തപുരം

(5) പോണ്ടിച്ചേരി ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ്, മാഹി

(6) കർണ്ണാടക ഇലക്ട്രിസിറ്റി ബോർഡ്- ഒ ആന്റ് എം. സബ്ഡിവിഷൻ, മടിക്കേരി

(7) കർണ്ണാടക ഇലക്ട്രിസിറ്റി ബോർഡ്, കെ. പി. ടി. സി. എൽ., മടിക്കേരി

(8) കിൻഫ്രാ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കൊച്ചി

(9) റബ്ബർ പാർക്ക്, കൊച്ചി

(10) മിലിറ്ററി എഞ്ചിനീയറിംഗ് സർവ്വീസ്, കൊച്ചി.

(ബി) 1936-ൽ പഴയ കൊച്ചി സർക്കാർ ചന്ദ്രി എന്ന കമ്പനിക്ക് കൊച്ചിൻ ഇലക്ട്രിസിറ്റി റൂൾസ് സെക്ഷൻ 17 പ്രകാരം ലൈസൻസ് നൽകുകയുണ്ടായി. ഈ ലൈസൻസ് ഒരു വർഷത്തിനകം തൃശ്ശൂർ മുനിസിപ്പാലിറ്റിക്ക് കൈമാറുകയാണുണ്ടായത്. സംസ്ഥാന ഗവൺമെന്റോ വൈദ്യുതി ബോർഡോ വൈദ്യുതി വിതരണത്തിന് വേറെ അനുമതി മുനിസിപ്പാലിറ്റിക്ക് നൽകിയതായി കാണുന്നില്ല. ഉത്തരവുകളുടെ കോപ്പികൾ അനുബന്ധമായി ചേർക്കുന്നു. †

(സി) ഇല്ല.

(ഡി) മുനിസിപ്പാലിറ്റിയോട് കൂട്ടിചേർത്ത കൂർക്കഞ്ചേരി, അയ്യന്തോൾ, വിൻവട്ടം, ഒല്ലൂർ, ഒല്ലൂർക്കര എന്നീ പഞ്ചായത്തുകളിൽ വൈദ്യുതി വിതരണം നടത്തുന്നത് വൈദ്യുതി ബോർഡ് തന്നെയാണ്. ഇതിന് ഭരണപരമായ തടസ്സങ്ങൾ ഉള്ളതായിട്ട് അറിവില്ല.

(ഇ) വിൻവട്ടം പഞ്ചായത്ത് പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണത്തിന് കോർപ്പറേഷൻ അനുമതി ആവശ്യപ്പെട്ടിരുന്നു. 24-11-2001-ൽ ചേർന്ന ബോർഡുയോഗം തൃശ്ശൂർ കോർപ്പറേഷനിൽ പുതുതായി കൂട്ടിചേർത്ത പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം നടത്താനുള്ള കോർപ്പറേഷന്റെ ആവശ്യം അവർ നൽകാനുള്ള വൈദ്യുതി കുടിശ്ശിക അടച്ചുതീർത്തതിനുശേഷം മാത്രം പരിഗണിച്ചാൽ മതിയെന്ന് തീരുമാനിക്കുകയും ഈ വിവരം കോർപ്പറേഷനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly